**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2358** **02-08-2021 - ൽ മറുപടിയ്ക്ക്**

**പന്ന്യന്നൂർ ഐ.ടി.ഐ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് (ഐ.ടി.ഐ.ബി.എൽ./2020/7055) പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്) വിഭാഗത്തിന് സമർപ്പിച്ചിരുന്നുവോ; ആയതിന് അംഗീകാരം ലഭ്യമായോ എന്ന് അറിയിക്കുമോ; | (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (കെട്ടിട) വിഭാഗത്തിന് സമർപ്പിക്കുകയും, ആയതിന് 2,54,000/- (രണ്ടു ലക്ഷത്തി അൻപത്തി നാലായിരം) രൂപയ്ക്ക് 22.01.2021-ൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പന്ന്യന്നൂർ ഐ.ടി.ഐ. യുടെ കെട്ടിടനിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കുമോ? | (ബി) | പന്ന്യന്നൂർ ഐ.ടി.ഐ. യുടെ കെട്ടിടനിർമ്മാണത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഐ.ടി.ഐ. വകുപ്പിന്റെ റിക്വയർമെന്റ്സ് ആർക്കിടെക്ചർ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർക്കിടെക്ചർ വിഭാഗത്തിൽ നിന്ന് രൂപരേഖ ലഭ്യമാക്കി സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ